"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്കിലെ കാരോട് ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ സന്ദീപ് റ്റി.എസ്. നെ 11/05/2026 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1085/2026/LSGD തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13/05/2026-ലെ LSGD/PD/14647/2026-VIGA1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതും, കാരോട് ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ സന്ദീപ് റ്റി.എസ്. നെ ലൈഫ് ഭവന പദ്ധതിയുടെ മൂന്നാം ഗഡുവായ 2 ലക്ഷം രൂപ അനുവദിക്കുന്നതിന് ഗുണഭോക്താവായ ശ്രീ. മണി എന്ന വ്യക്തിയിൽ നിന്നും 2500/- രൂപ കൈക്കൂലി വാങ്ങിയതിന് 11/05/2026-ാം തീയതി വൈകുന്നേരം 4.10ന് കാരോട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ വച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അറസ്റ്റ് ചെയ്തിട്ടുള്ള വിവരം പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പാരമാർശപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ പരാമർശപ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്കിൽപ്പെട്ട കാരോട് ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ സന്ദീപ് റ്റി.എസ്. നെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരമതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം 11.05.2026 തീയതി പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

3. പ്രസ്തുത കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2) ശ്രീ.സന്ദീപ്.റ്റി.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I, പാറശ്ശാല ബ്ലോക്ക്,തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3) ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ, തിരുവനതപുരം

3) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

4) വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പ്

5) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Rajesh Kumar. C
Date: 01-06-2026 14:58:52

സെക്ഷൻ ഓഫീസർ